പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2732 | 17-06-2019 ൽ മറുപടിയ്ക്ക്

## പരമ്പരാഗത ജലസ്രോതസ്സുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സജി ചെറിയാൻ | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | പരമ്പരാഗത ജലസ്രോത സ്സുകൾ നിലനിറുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്ന തെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള സ്രോതസ്സുകൾ കമ്പി വേലി കെട്ടി സംരക്ഷിച്ചും ,മലിനീകരണത്തിനെതിരെയുള്ള പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്ന തിനാൽ മാനുഷിക ഇടപെടൽ മൂലമുണ്ടാകുന്ന നശീകരണമുണ്ടാകാതെ ഇത്തരം സ്രോതസ്സുകൾ നിലനിൽക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പരമ്പരാഗത സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തു ന്നുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആനത്താഴ്ച്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ അതോറിറ്റി ഇപ്പോൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു.<br><br>പരമ്പരാഗത ജലസ്രോതസ്സുകൾ നിലനിറുത്തു ന്നതിന്റെ ഭാഗമായി പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായി രൂപീകരിച്ച കേന്ദ്രാ വിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003 ൽ 18.5 കോടി രൂപയുള്ള അംഗീകാരം ലഭിച്ചിരുന്നു.ടി പദ്ധതിയുടെ പ്രവർത്തികളുടെ നിർവ്വഹണം |

| | | | |
|---|---|---|---|
| | | | ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വംബോർഡ്, എന്നീ വകുപ്പുകളെയാണ് ഏൽപ്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവർത്തികൾ പൂർത്തിയായി. . പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>ഗ്രാമീണ മേഖലയുടെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ തുറന്ന കിണറുകളാണ്. ഈ കുടിവെള്ള സ്രോതസ്സുകൾ നിലനിറുത്തുന്നതിന് വേണ്ടി വ്യക്തിഗത കുടുംബങ്ങളിൽ പുരപ്പുറ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതോടൊപ്പം നിലവിലുള്ള കിണറിലേക്ക് ജലപരിപോഷണവും നടത്തുന്നുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ ഉപയോഗയോഗ്യമായ കിണറുകൾ ജല പരിപോഷണം നടത്തുന്നതിന് ഈ സാമ്പത്തികവർഷം മുതൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുമൂലം ഭൂഗർഭ ജല വിതാനം ഉയരുകയും പരമ്പരാഗത സ്രോതസ്സുകളുടെ ഉറവ സംരക്ഷിക്കുന്നതുമാണ്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനു കീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായ, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിറുത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി കൺസൾട്ടൻസി നൽകുന്നത് പരിഗണനയിലാണ്. ചിറ്റൂർപ്പുഴ ,പദ്ധതിയിലുള്ള കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം ഏര്യകളുടെ നവീകരണത്തി നായി പദ്ധതി രേഖ തയ്യാറാക്കി വരുന്നു. പരമ്പരാഗത ജല സ്രോതസ്സുകളെ നിലനിറുത്തുന്നതിന്റെ ഭാഗ |

മായി സർക്കാർ അർദ്ധസർക്കാർ സ്ഥാപന ങ്ങളിലെ തുറന്ന കിണറുകളിലെ ജലവിതാനം മെച്ചപ്പെടുത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. ഈ പദ്ധതി വഴി സമീപപ്രദേശങ്ങളിലെ ഭൂജല സ്രോതസ്സുകളുടെ ജലവിതാനം മെച്ചപ്പെടുത്തുന്നതാണ്. 2018-19 സാമ്പത്തികവർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ മേൽക്കൂര വഴി മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റ് വഴിയുള്ള 76 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും, 5 കുഴൽകിണർ റീചാർജ്ജ് കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ഭൂജലവകുപ്പിന് 450 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവർത്തന ങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ ആയ പുഴകൾ, തോടുകൾ,കനാലുകൾ,കുളങ്ങൾ എന്നിവ നവീകരിക്കുന്നതിന് നിരവധി പദ്ധതികൾ കുട്ടനാട് പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് തോടുകൾ ശുചീകരിക്കുന്ന പദ്ധതികൾ, 321 തോടുകൾ നവീകരിക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കിയാൽ മാത്രമേ പ്രാദേശിക ജല സുരക്ഷ ഉറപ്പാക്കാനാകൂ. ഇത് സാദ്ധ്യമാക്കുന്നതിന് വിവിധ ഏജൻസികളെ/വകുപ്പുകളെ കൂട്ടിയോജി പ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതിന് ഹരിത കേരളമിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നീർത്തടപ്ലാനിൽ ഓരോ

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിലുമുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പുനരുദ്ധാരണ/ സംരക്ഷണപ്രവർത്തികൾ ഏറ്റെടുക്കുന്നതിന്റ മുൻഗണനാപട്ടികയും തയ്യാറാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 2017-18,2018-19 സാമ്പത്തിക വർഷത്തിൽ ആകെ 651 കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂരിലൂടെ കടന്നു പോകുന്ന വരട്ടാർനദി പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ആലപ്പുഴ,പത്തനംതിട്ട ജില്ലകളിലൂടെ ഒഴുകുന്ന പമ്പാനദിയെയും മണിമലയാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഉദ്ദേശം 13.4 കി.മീ നീളമുള്ള വരട്ടാറിന്റെപുനരുജ്ജീവനപ്രവർത്തികൾക്കായുള്ള 8 കോടിരൂപയുടെ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ഗവൺമെന്റിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തലത്തിൽ നടന്ന ഉന്നതതലയോഗത്തിൽ വരട്ടാറിന്റെ ഒന്നാം ഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ജനപ്രതിനിധികളുടെയും തദ്ദേശ വാസികളുടെയും നേതൃത്വത്തിൽ വിപുലമായ ജനകീയ പ്രവർത്തനം ഏറ്റെടുത്തുനടത്തുകയും അതിന്റെ ഫലമായി വരട്ടാറിൽ നീരൊഴുക്ക് പുനസ്ഥാപിക്കുകയും ചെയ്തു. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വരട്ടാറിന്റെ തീരം സംരക്ഷിക്കുന്നതിന് വശങ്ങളിൽ ഇന്റർലോക്ക് പാകിയ നടപ്പാത നിർമ്മിക്കുന്നതിനും ജൈവ വൈവിദ്ധ്യ വനവൽക്കരണം നടത്തുന്നതിനും 8.05 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 7.70 കോടി രൂപയുള്ള ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത പ്രവർത്തിയുടെ ഒന്നാം ഘട്ടത്തിന് 2.2 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും ടെന്റർ നടപടികൾ പൂർത്തിയായിവരുകയുമാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭി |

| | | | |
|---|---|---|---|
| | | | ക്കുന്നതുമാണ്. കൂടാതെ വരട്ടാറിന്റെ ഒഴുക്കിന് തടസ്സം നിന്ന ചപ്പാത്തുകളും മറ്റും നീക്കം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4 പാലങ്ങൾ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.ഇതിൽ ഒരു പാലത്തിന്റ (പുതുകുളങ്ങര പാലം)ഡി സൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റ് മൂന്നു പാലങ്ങളുടെ ഡിസൈൻ പ്രവർത്തികൾ പൂർത്തിയായി വരുന്നു.ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ